"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -കോട്ടയം ഡിവിഷനിലെ കുമളി ഫോറസ്റ്റ് റെയിഞ്ചിലെ വിവിധ ഒ. ആർ. കേസുകളിൽ പിടിച്ചെടുത്ത തൊണ്ടി വകകൾ നഷ്ടമായതുമായി ബന്ധപ്പെട്ട് ശ്രീ.ബിനോയ് ലാൽ.പി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഇപ്പോൾ കോട്ടയം നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ) ക്കെതിരെയുള്ള അച്ചടക്ക നടപടി - റിവ്യൂ ഹർജി - തീർപ്പാക്കി ഉത്തരവാകുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.188/2021/വനം    തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.04.2018-ലെ ബി3-22062/06/III നമ്പർ ഉത്തരവ്.

2 ശ്രീ.ബിനോയ് ലാൽ.പി., ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ 07.02.2019-ലെ അപ്പീൽ ഹർജി.

3 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.04.2019-ലെ ബി3-22060/2006/III നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ഡിവിഷനിലെ കുമളി ഫോറസ്റ്റ് റെയിഞ്ചിലെ വിവിധ ഒ. ആർ. കേസുകളിൽ പിടിച്ചെടുത്ത തൊണ്ടി വകകൾ നഷ്ടമായതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബിനോയ് ലാൽ.പി. (ഇപ്പോൾ കോട്ടയം നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ) നിന്നും ടി സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 4,083/- രൂപ (നാലായിരത്തി എൺപത്തിമൂന്ന് രൂപ മാത്രം) ഈടാക്കുവാൻ സൂചന (1) പ്രകാരം അന്തിമ ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ബിനോയ് ലാൽ.പി, അപ്പീൽ അധികാരിയായ വൈൽഡ് ലൈഫ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർ വേറ്റർക്കു സമർപ്പിച്ച അപ്പീൽ നിരസിച്ചു. തുടർന്ന് ടിയാൻ സർക്കാരിൽ 07/02/2019-ൽ പരാമർശം (2) അപ്പീൽ ഹർജി സമർപ്പിച്ചു. ഹർജിയിൽ ടിയാനെ കുറ്റ വിമുക്തനാക്കുവാൻ ഉതകുന്ന പുതിയ ന്യായ വാദങ്ങൾ ഒന്നും ഉന്നയിച്ച് കാണുന്നില്ലെന്നും, വനവും വന സമ്പത്തും കാത്ത് സൂക്ഷിക്കേണ്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൃത്യ നിർവഹണത്തിൽ ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത് അപ്പീൽ ഹർജി സമർപ്പിക്കേണ്ട സമയപരിധി കഴിഞ്ഞിട്ടാണ്. തുക ഈടാക്കാനുള്ള തീരുമാനം പുനഃ പരിശോധിക്കാൻ തക്ക കാരണങ്ങൾ ബോധ്യപ്പെടുത്താനോ കുറ്റവിമുക്തനാക്കുവാൻ ഉതകുന്ന പുതിയ ന്യായ വാദങ്ങൾ ഉന്നയിക്കുവാനോ ഹർജിക്കാരന്

കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിലും ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം (3) പ്രകാരമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ശ്രീ.ബിനോയ് ലാൽ.പി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
അണ്ടർ സെക്രട്ടറി

പകർപ്പ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.ബിനോയ് ലാൽ.പി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഇപ്പോൾ കോട്ടയം നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ).

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/87/2018/വനം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ